**യേശു ക്രിസ്തുവിന്റെ വെളിപാട്**

**I. വെളിപ്പാട് പുസ്തകം യേശു ക്രിസ്തുവിന്റെ ഒരു ചിത്രമാണ്; ഈ പുസ്തകത്തിലെ ഇരുപത്തിരണ്ട് അധ്യായങ്ങൾ യേശുവിനെ ചിത്രീകരിക്കുന്നതും വർണിക്കുന്നതുമായ ഒരൊറ്റ ഛായാചിത്രമാണ്**

**ജയം പ്രാപിച്ച സിംഹം**

**II. "ഇതാ, യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ ജയം പ്രാപിച്ചിരിക്കുന്നു"—5:5**

- സിംഹം ക്രിസ്തുവിന്റെ ഒരു പ്രതീകമാണ്, അത് ശത്രുവിനെതിരെ പോരാടുന്ന ശക്തനായ ഒരു പോരാളിയായി അവനെ ചിത്രീകരിക്കുന്നു
- ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ക്രിസ്തുവിന്റെ ജയം അവനെ യോഗ്യനാക്കുന്നു
- ക്രിസ്തു ദാവീദിന്റെ സ്രോതസ്സാണെന്ന് ദാവീദിന്റെ വേര് സൂചിപ്പിക്കുന്നു
- യെഹൂദാഗോത്രത്തിലെ സിംഹമെന്ന നിലയിൽ, ക്രിസ്തു ദൈവത്തിന്റെ ശത്രുവായ മത്സരിയായ സാത്താനെ ജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു, വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ അവൻ വീണുപോയ മനുഷ്യന്റെ പാപത്തെ നീക്കിക്കളയും ചെയ്തു

**ഏഴ് ആത്മാക്കളായ, ഏഴ് കണ്ണുകളുള്ള കുഞ്ഞാട്**

**III. "സിംഹാസനത്തിന്റെ....നടുവിൽ ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നത് ഞാൻ കണ്ടു, അതിന് ഏഴ് കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴ് കണ്ണുകളും ഉണ്ട്"—വെളി. 5:6**

- അധ്യായം 5-ൽ ക്രിസ്തു ആരോഹണം ചെയ്തശേഷമുള്ള സ്വർഗത്തിലെ ദൃശ്യമുണ്ട്
  - സിംഹമെന്ന നിലയിൽ അവൻ ശത്രുവിനെതിരായ പോരാളിയാണ്; കുഞ്ഞാടെന്ന നിലയിൽ അവൻ നമുക്കുവേണ്ടിയുള്ള വീണ്ടെടുപ്പുകാരനാണ്
  - ശത്രുവിന് അവൻ ഒരു സിംഹവും, നമുക്ക് അവൻ ഒരു കുഞ്ഞാടും ആണ്; തന്മൂലം, അവൻ സിംഹ-കുഞ്ഞാടാണ്
- വീണ്ടെടുപ്പിനെ സംബന്ധിച്ചിടത്തോളം ക്രിസ്തു തന്റെ ആരോഹണത്തിനുശേഷം സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു; എന്നാൽ ദൈവത്തിന്റെ ഭരണനിർവഹണം നിർവഹിക്കുന്നതിനെ സംബന്ധിച്ച് അവൻ തന്റെ ആരോഹണത്തിൽ ഇപ്പോഴും നിൽക്കുന്നു
- ഇപ്പോൾ അറുക്കപ്പെട്ടതുപോലെ എന്നത് കുഞ്ഞാട് ഇപ്പോൾ അറുക്കപ്പെട്ടതേയുള്ളൂ എന്നും, വെളിപ്പാട് 5-ൽ വർണിച്ചിരിക്കുന്ന സ്വർഗത്തിലെ ദൃശ്യം സ്വർഗത്തിലേക്കുള്ള ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഉടനെ സംഭവിച്ചതാണെന്നും സൂചിപ്പിക്കുന്നു
- കർത്താവിന് ഏഴു കൊമ്പുകളുണ്ട്
  - ക്രിസ്തു വീണ്ടെടുക്കുന്ന കുഞ്ഞാടാണ്, എങ്കിലും അവന് പോരാടുന്നതിനുള്ള കൊമ്പുകളുണ്ട്.
- കണ്ണുകൾ നിരീക്ഷിക്കുന്നതിനും ആരായുന്നതിനും വേണ്ടിയാണ്
  - പ്രപഞ്ചത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിനുവേണ്ടി ക്രിസ്തുവിന് നിരീക്ഷിക്കുന്നതിനും ആരായുന്നതിനുമായി ഏഴ് കണ്ണുകളുണ്ട്
  - ഈ ഏഴ് കണ്ണുകൾ സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്; അവ മുഴുവൻ ഭൂമിയിലും ഊടാടിക്കൊണ്ടിരിക്കുന്നു

**തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിനെ നാം അനുഭവമാക്കണം**

**IV. "ദൈവത്തിന്റെ ഏഴ് ആത്മാക്കൾ"—1:4; 3:1; 4:5; 5:6**

- ഏഴ് ആത്മാക്കൾ സംശയമെന്യേ ദൈവത്തിന്റെ ആത്മാവാണ്, കാരണം വെളിപ്പാട് 1:4-5-ൽ അവയ്ക്ക് ത്രിയേക ദൈവത്തോടൊപ്പം സ്ഥാനം നൽകിയിരിക്കുന്നു
- സാരാംശത്തിലും അസ്തിത്വത്തിലും ദൈവത്തിന്റെ ആത്മാവ് ഒന്നാണ്; ദൈവത്തിന്റെ പ്രവർത്തനത്തിന്റെ തീവ്രതപ്രാപിച്ച പ്രവർത്തനത്തിലും വേലയിലും ദൈവത്തിന്റെ ആത്മാവ് ഏഴ് മടങ്ങാണ്
  - ഇത് സെഖര്യാവ് 4:2-ലെ നിലവിളക്കിന് സമാനമാണ്. അതിന്റെ അസ്തിത്വത്തിൽ അത് ഒരു നിലവിളക്കാണ്, എന്നാൽ അതിന്റെ പ്രവർത്തനത്തിൽ അത് ഏഴ് വിളക്കുകളാണ്
- സഭ അധഃപതിച്ചുപോയിരുന്നു: അതിനാൽ ഭൂമിയിലുള്ള ദൈവത്തിന്റെ നീക്കത്തിനും വേലയ്ക്കും വേണ്ടി ഏഴു മടങ്ങ് തീവ്രതപ്രാപിച്ച ദൈവത്തിന്റെ ആത്മാവ് ആവശ്യമായിരുന്നു
- മത്തായി 28:19-ൽ ത്രിയേക ദൈവത്തിന്റെ ക്രമം പിതാവും, പുത്രനും, ആത്മാവും ആണ്; വെളിപ്പാട് 1:4-5-ൽ ക്രമം മാറിയിരിക്കുന്നു
  - ദൈവത്തിന്റെ ഏഴ് ആത്മാക്കൾ മൂന്നാം സ്ഥാനത്തിനു പകരം രണ്ടാം സ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏഴു മടങ്ങായ ദൈവത്തിന്റെ ആത്മാവിന്റെ തീവ്രതപ്രാപിച്ച പ്രവർത്തനത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു
- മറ്റു ലേഖനങ്ങളുടെ തുടക്കത്തിൽ പിതാവും പുത്രനും മാത്രം പരാമർശിക്കപ്പെടുന്നു
  - വെളിപ്പാട് 1:4-5-ൽ ആത്മാവ് ഉൾപ്പെടുന്നു; ദൈവത്തിന്റെ നീക്കത്തിനുവേണ്ടി സഭയുടെ അധഃപതനത്തെ പ്രതിരോധിക്കുവാൻ ആത്മാവിന്റെ നിർണായകമായ ആവശ്യത്തെ ഇത് സൂചിപ്പിക്കുന്നു
- ഏഴ് ആത്മാക്കൾ സഭകളിൽ പ്രവർത്തിക്കുന്നു, അതിനാൽ സഭകൾ തീർച്ചയായും മുന്നോട്ടുപോകും
- ഇന്ന് നാം ഏഴിരട്ടി ആത്മാവിനെ, തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിനെ, പ്രത്യുദ്ധാരത്തിന്റെ ആത്മാവിനെ, കാണുകയും അനുഭവമാക്കുകയും ചെയ്യണം

**സിംഹ-കുഞ്ഞാടായ ക്രിസ്തു മാത്രമാണ് യോഗ്യൻ**

**V. "അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും ചെയ്തു"—5:9**

- ഇവിടെയുള്ള പാട്ട് പുതിയതാണ്, കാരണം അതിൽ സ്തുതിക്കപ്പെടുന്ന കുഞ്ഞാട് ഇപ്പോൾ അറുക്കപ്പെട്ടതേയുള്ളൂ
- മുഴുവൻ പ്രപഞ്ചത്തിലും ജയിക്കുന്ന സിംഹവും വീണ്ടെടുക്കുന്ന കുഞ്ഞാടുമായ ക്രിസ്തു അല്ലാതെ ദൈവത്തിന്റെ വ്യവസ്ഥയുടെ മർമം തുറക്കുവാൻ യോഗ്യനായ ആരും ഇല്ല
  - ദൈവത്തിന്റെ വ്യവസ്ഥയുടെ മർമം അനാവരണം ചെയ്യുവാനും നിർവഹിക്കുവാനും ക്രിസ്തു മാത്രമാണ് യോഗ്യനായവൻ
  - ക്രിസ്തു നമ്മുടെ സ്തുതികൾക്ക് യോഗ്യനാണ്; അവൻ നമ്മുടെ ജീവനുപോലും യോഗ്യനാണ്

സെഖ. 3:9 ഞാൻ യോശുവയുടെ മുമ്പിൽ വെച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ ഏഴു കണ്ണും ഉണ്ടു; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു.

സെഖ. 4:2 നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചതിന്നു ഞാൻ: മുഴുവനും പൊന്നുകൊണ്ടുള്ളോരു വിളക്കുതണ്ടും അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും.
സെഖ. 4:3 അതിന്നരികെ കുടത്തിന്റെ വലത്തുഭാഗത്തു ഒന്നും ഇടത്തുഭാഗത്തു ഒന്നും ഇങ്ങനെ രണ്ടു ഒലിവുമരവും ഞാൻ കാണുന്നു എന്നു പറഞ്ഞു.
സെഖ. 4:4 എന്നോടു സംസാരിക്കുന്ന ദൂതനോടു ഞാൻ: യജമാനനേ, ഇതു എന്താകുന്നു എന്നു ചോദിച്ചു.
സെഖ. 4:6 അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.
സെഖ. 4:7 സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും
സെഖ. 4:10 അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിന്റെ കയ്യിലുള്ള തുക്കുകട്ട കണ്ടു സന്തോഷിക്കുന്നു.

വെളി. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

വെളി. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു.

**സെഖ 3:9** കല്ല്—ഏഴു കണ്ണു
**സെഖ 4:2** നിലവിളക്ക്—ഏഴു വിളക്കു
**സെഖ. 4:6** യഹോവയുടെ ആത്മാവ്
**സെഖ 4:7** ആണിക്കല്ലു
**സെഖ 4:10** സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഏഴു കണ്ണു
**വെളി 1:4** സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കൾ
**വെളി 3:1** ദൈവത്തിന്റെ ഏഴ് ആത്മാക്കൾ
**വെളി 4:5** ഏഴു ദീപങ്ങൾ—ഏഴ് ആത്മാക്കൾ
**വെളി 5:6** കുഞ്ഞാട്—ഏഴു കണ്ണുകൾ—സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴ് ആത്മാക്കൾ

സെഖ 3:9-ൽ കെട്ടുപണിക്കുള്ള കല്ലിന് ഏഴ് കണ്ണുകളുണ്ട്, 4:2-ൽ നിലവിളക്കിന് ഏഴ് വിളക്കുകളുണ്ട്. ഇത് നിലവിളക്ക് കല്ലിന് തുല്യമാണെന്ന് വെളിപ്പെടുത്തുന്നു. കല്ലും നിലവിളക്കും ക്രിസ്തുവാണ്. കല്ലിന്മേൽ ഏഴ് കണ്ണുകളുണ്ട്, നിലവിളക്കിന്മേൽ ഏഴ് വിളക്കുകളുമുണ്ട്. ആകയാൽ, നിലവിളക്കിന്റെ ഏഴ് വിളക്കുകൾ കല്ലിന്മേലുള്ള ഏഴ് കണ്ണുകളായിരിക്കണം.

സെഖര്യാവും വെളിപ്പാടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ട് പുസ്തകങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഘടകം അവ രണ്ടിലും ഏഴ് കണ്ണുകളെക്കുറിച്ച് സംസാരിക്കുന്നു എന്നതാണ്. സെഖ 3:9-ൽ കല്ലിന് ഏഴ് കണ്ണുകളുണ്ട് എന്നത് മാർമികമാണ്. വെളി 5:6-ൽ കുഞ്ഞാടിന്റെ ഏഴ് കണ്ണുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് യോഹന്നാൻ പറയുന്നു. സെഖ 3:9-ലെ ഏഴ് കണ്ണുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളെ സൂചിപ്പിക്കുന്നു എന്ന് ഇത് കാണിക്കുന്നു.

സെഖര്യാവിനെയും വെളിപ്പാടിനെയും ബന്ധിപ്പിക്കുന്ന മറ്റൊരു ഘടകം രണ്ട് പുസ്തകങ്ങളിലും ഏഴ് വിളക്കുകളെക്കുറിച്ച് പരാമർശിക്കുന്നു എന്നതാണ്. സെഖ 4:2-ൽ ഒരു നിലവിളക്കിന്മേൽ ഏഴ് വിളക്കുകൾ സെഖര്യാവ് കണ്ടു. വാക്യം 6-ൽ ദൂതൻ ഏഴ് വിളക്കുകളെക്കുറിച്ച് മാർമികമായ ഒരു വിശദീകരണം നൽകി — "എന്റെ ആത്മാവിനാലത്രേ". നിലവിളക്കിന്മേലുള്ള ഏഴ് വിളക്കുകളും കല്ലിന്മേലുള്ള ഏഴ് കണ്ണുകളും യഹോവയുടെ ആത്മാവിനെ സൂചിപ്പിക്കുന്നു എന്ന് ഇത് കാണിക്കുന്നു. വെളി 4:5-ൽ ഏഴ് വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് വ്യക്തമായി പ്രസ്താവിക്കുന്നു. അതിനാൽ, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ഏഴ് കണ്ണുകളും ഏഴ് വിളക്കുകളുമാണ്.

സെഖ 3:9 ഏഴ് കണ്ണുകളുള്ള ഒരു കല്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ, വെളി 5:6 കുഞ്ഞാടിന്റെ ഏഴ് കണ്ണുകളെക്കുറിച്ച് സംസാരിക്കുന്നു. ഒരുവശത്ത്, ദൈവത്തിന്റെ കെട്ടുപണിയുടെ പൂർത്തീകരണത്തിനായുള്ള ആണിക്കല്ലെന്ന നിലയിൽ ക്രിസ്തുവിന് ഏഴ് കണ്ണുകളുണ്ട്. മറുവശത്ത്, വീണ്ടെടുപ്പിനായുള്ള ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ ക്രിസ്തുവിന് ഏഴ് കണ്ണുകളുണ്ട്. സെഖ 3:9 വീണ്ടെടുപ്പിനെയും കെട്ടുപണിയെയും വെളിപ്പെടുത്തുന്നു. ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ, അവൻ ലോകത്തിന്റെ പാപം നീക്കം ചെയ്ത ദൈവത്തിന്റെ കുഞ്ഞാടും ദൈവത്താൽ കൊത്തുപണി ചെയ്യപ്പെട്ട കല്ലുമായിരുന്നു. ഏഴ് കണ്ണുകളുള്ള കല്ല് നമ്മുടെ വീണ്ടെടുപ്പിന് വേണ്ടി മാത്രമല്ല, ദൈവത്തിന്റെ കെട്ടുപണിക്ക് വേണ്ടിക്കൂടിയുള്ളതാണ്.